**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4914** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട്-മുപ്ലിയം റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്ന പുതുക്കാട്-മുപ്ലിയം റോഡിന്റെ ഒന്നാംഘട്ടം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് മുപ്ലിയം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 01.11.2016 ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 15/02/2020ൽ 59.2 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 18.2 km റോഡ് ആണ് പദ്ധതി പ്രകാരം പുനരുദ്ധരിക്കേണ്ടത്. മേൽ റോഡ് കിഫ്ബിയുടെ FDR പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമായതാണ്. FDR ചെയ്യുന്നതിന് റോഡിന് 9 മീറ്റർ വീതി വേണമെന്ന് കിഫ്ബി നിഷ്കർഷിച്ചിട്ടുണ്ട്. തൻമൂലം നിലവിൽ 9 മീറ്റർ വീതിയുള്ള 0/000 മുതൽ 9/200 വരെയുള്ള ഭാഗം, Ch. 1/200-ൽ വരുന്ന ഉഴിഞ്ഞാൽ പാടം പാലം കൂടി ഉൾപ്പെടുത്തി ആദ്യ ഘട്ടമായി നടപ്പിലാക്കാനും ബാക്കിഭാഗം രണ്ടാം ഘട്ടമായി സ്ഥലം ലഭ്യമായതിനുശേഷം നടപ്പിലാക്കാനും ബഹു. പുതുക്കാട് എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽCh.1/200-ൽ സ്ഥിതി ചെയ്യുന്ന ഉഴിഞ്ഞാൽപ്പാടം പാലം പുതുക്കാട് മുപ്ലിയം റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൻ കീഴിൽ നടപ്പിലാക്കുന്നതിനായി മണ്ണ് പരിശോധന നടത്തി പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉഴിഞ്ഞാൽ പാടം പാലം കൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 17/11/2022ൽ കത്ത് നൽകിയിട്ടുണ്ട്. ഉഴിഞ്ഞാൽ പാടം പാലം ഉൾപെടുത്തി സാമ്പത്തികാനുമതി പുതുക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി അനുമതി നൽകുന്ന മുറയ്ക്ക് സംങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിക്കുന്നതാണ് |
| (ബി) | പ്രസ്തുത പ്രോജക്ടിൽ ഉഴിഞ്ഞാൽപ്പാടം പാലം | (ബി) | പുതുക്കാട് മുപ്ലിയം റോഡിന്റെ പുനരുദ്ധാരണ |

| | | | |
|---|---|---|---|
| | നിർമ്മാണം കൂടി ഉൾപ്പെടുത്തി ആദ്യ റീച്ചിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | പ്രവൃത്തിക്ക് 01.11.2016 ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 15/02/2020ൽ 59.2 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 18.2 km റോഡ് ആണ് പദ്ധതി പ്രകാരം പുനരുദ്ധരിക്കേണ്ടത്. മേൽ റോഡ് കിഫ്ബിയുടെ FDR പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമായതാണ്. FDR ചെയ്യുന്നതിന് റോഡിന് 9 മീറ്റർ വീതി വേണമെന്ന് കിഫ്ബി നിഷ്കർഷിച്ചിട്ടുണ്ട്. തൻമൂലം നിലവിൽ 9 മീറ്റർ വീതിയുള്ള 0/000 മുതൽ 9/200 വരെയുള്ള ഭാഗം, Ch. 1/200-ൽ വരുന്ന ഉഴിഞ്ഞാൽ പാടം പാലം കൂടി ഉൾപ്പെടുത്തി ആദ്യ ഘട്ടമായി നടപ്പിലാക്കാനും ബാക്കിഭാഗം രണ്ടാം ഘട്ടമായി സ്ഥലം ലഭ്യമായതിനുശേഷം നടപ്പിലാക്കാനും ബഹു. പുതുക്കാട് എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽCh.1/200-ൽ സ്ഥിതി ചെയ്യുന്ന ഉഴിഞ്ഞാൽപ്പാടം പാലം പുതുക്കാട് മുപ്ലിയം റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൻ കീഴിൽ നടപ്പിലാക്കുന്നതിനായി മണ്ണ് പരിശോധന നടത്തി പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉഴിഞ്ഞാൽ പാടം പാലം കൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് 17/11/2022ൽ കത്ത് നൽകിയിട്ടുണ്ട്. ഉഴിഞ്ഞാൽ പാടം പാലം ഉൾപെടുത്തി സാമ്പത്തികാനുമതി പുതുക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി അനുമതി നൽകുന്ന മുറയ്ക്ക് സംങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യാൻ സാധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ